ശ്രീ. കെ. ടി. അച്യുതൻ : തൃശ്ശൂരിൽ എത്ര റൂട്ടാണെന്നു് ഓമ്മയില്ല. പ്രൈവറ്റു് ബസ്സുകാർ നഷ്ടമാണെന്നു പറഞ്ഞു് നിറുത്തിയാൽ പൊതുജനങ്ങളുടെ സൗകര്യംനോക്കി ട്രാൻസ്പോർട്ടു് ബസ്സുകളും ഓടിക്കാറുണ്ടു്. അപ്പോഴും ലാഭം മാത്രമല്ല നോക്കുന്നതു്, യാത്രക്കാരുടെ സൗകര്യമാണു് പ്രധാനമായും കണക്കിലെടുക്കുന്നതു്.

ശ്രീ. ആർ. സുഗതൻ : പ്രൈവറ്റു് സർവ്വീസുകളും ദേശവൽക്കരിക്കുമ്പോൾ അവിടെയുള്ള തൊഴിലാളികളെ ട്രാൻസ്പോർട്ടു് സർവ്വീസിലേക്കു് എടുക്കാനുള്ള ദയവു് ഗവണ്മെൻറിനുണ്ടാകുമോ ?

ശ്രീ. കെ. ടി. അച്യുതൻ : പൊതുവെ അങ്ങനെ ട്രാൻസ്പോർട്ടിലേക്കു് എടുക്കാറുണ്ടു്. അങ്ങനെ എടുക്കാതെ വരികയാണെങ്കിൽ അവരെ സംബന്ധിച്ചിടത്തോളം അനുകൂലമായ നിലയിൽ യോഗ്യതയ്ക്കനുസരിച്ചു് ജോലി കൊടുക്കാനുള്ള ക്രമീകരണം ചെയ്യാറുണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ : ഫാസ്റ്റു് പാസഞ്ചർ മലബാർ ഭാഗത്തു് ചില ഭാഗങ്ങളിൽ ഓടിക്കാൻ ആലോചന നടത്തുന്നുണ്ടെന്നു പറഞ്ഞു. മിനിമം ചാർജ്ജു് ഫാസ്റ്റു് പാസഞ്ചറിൽ 40 നയാപൈസയാക്കി നിശ്ചയിച്ചിട്ടുള്ള ഈ ഘട്ടത്തിൽ, ഓർഡിനറി സർവ്വീസുകൾക്കു് മിനിമം ചാർജ്ജു് 10 നയാപൈസയാണെന്നുള്ളതിനെ മുൻനിറുത്തി ആ സൗകര്യം മലബാർ ഭാഗത്തുള്ള ആളുകൾക്കു് നിഷേധിക്കുന്നതു് എന്തിനാണു് ; മലബാർ ഭാഗത്തു് 40 നയാപൈസ മിനിമം ചാർജുള്ള ഫാസ്റ്റു് പാസഞ്ചർ സർവ്വീസേ ഓടിക്കുകയുള്ളൂ എന്ന നിർബ്ബന്ധം പിടിക്കാൻ എന്താണു കാരണം ?

ശ്രീ. കെ. ടി. അച്യുതൻ : നിർബന്ധമൊന്നുമില്ല. ഓരോ റൂട്ടുകളെ സംബന്ധിച്ചിടത്തോളവും പ്രൈവറ്റു് ഉടമകളോ, അല്ലെങ്കിൽ സർക്കാരോ ഓർഡിനറി സർവ്വീസു് ഓടിക്കുന്ന ഭാഗങ്ങളിലൊക്കെ കുറച്ചദൂരം പോകേണ്ടവർ ഈ ഓർഡിനറി സർവ്വീസിൽ പോകും. എന്നാൽ വളരെക്കൂടുതൽ ദൂരം പോകേണ്ടവരെ സംബന്ധിച്ചിടത്തോളം ഫാസ്റ്റു് പാസഞ്ചർ സർവ്വീസു് ആവശ്യമാണു്. റൂട്ടുകളിൽ തിരക്കു് കുറയ്ക്കാൻ ഈ രണ്ടുവിധ ബസ്സുകളും ഓടുന്നതു് സൗകര്യമാണു്.

ആലപ്പുഴയിലേയും, കൊല്ലത്തേയും ട്രാൻസ്പോർട്ട കാൻറീനുകൾ.

* 895. [35] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലത്തെ ഡിസ്ട്രിക്റ്റു് ട്രാൻസ്പോർട്ടാഫീസിലെ കാൻറീൻ ഇപ്പോൾ നടക്കുന്നുണ്ടോ ;

(ബി) അവിടെ കാൻറീൻ പൂട്ടിയതുകൊണ്ടു് യാത്രക്കാർക്കും തൊഴിലാളികൾക്കും ഉണ്ടാകുന്ന പ്രയാസങ്ങൾക്കു് പരിഹാരം ഉണ്ടാകുമോ ;

(സി) ആലപ്പുഴയിലെ ട്രാൻസ്പോർട്ട കാൻറീനിൽ മഴയുള്ളപ്പോൾ ആസ്ബെസ്റ്റോസിൻെറ വിടവുവഴി ചോർന്നു് ഭക്ഷണപാനീയങ്ങളിൽ പെയിൻറിളകിയ വെള്ളം വീഴുന്ന എന്ന വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉടനെ ഈ കാൻറീനിൻെറ മേൽക്കൂരയുടെ കേടുപാടു തീർക്കുമോ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ഇല്ല.

(ബി) കഴിയുന്നതുംവേഗം വീണ്ടും കാൻറീൻ നടത്തുന്നതിനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) പ്രസ്തുത കാൻറീനിൽ മഴവെള്ളം ചോർന്നിറങ്ങി കണ്ട ഉടനേതന്നെ കേടുപാടുകൾ പരിഹരിക്കപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ : കൊല്ലത്തെ കാൻറീൻ കെട്ടിടത്തിനു വാടക 95 രൂപയായിരുന്നതു് ഇപ്പോൾ 130 ഉറുപ്പിക ആക്കിയിട്ടുണ്ടു്. അതിൻറെ ഫലമായി ഇനി കച്ചവടം തുടങ്ങുമ്പോൾ പലഹാരങ്ങളുടെ സൈസു് കുറയുകയും, വില കൂട്ടുകയും ചെയ്യുമെന്നറിയാമോ? അതിനകം ഒരു തൊഴുത്തു പോലെയാണെന്നാണു് യാത്രക്കാർ പറയുന്നതു്. ആലപ്പുഴ കാൻറീൻ നന്നാക്കിയെന്നു് മന്ത്രി പറഞ്ഞു: എന്നാൽ ഇപ്പോഴും അവിടെ ചോർച്ചയുണ്ടു്. യാത്രക്കാർ റോഡിൽ ഇറങ്ങിനിന്നാണു് ചായ കുടിക്കുന്നതു്. കാൻറീൻ നടത്തുന്നതു് യാത്രക്കാരുടെ സൗകര്യത്തിനുവേണ്ടിയാണു്. ഇപ്പോൾ അവിടെ ഭക്ഷണം കിട്ടാനും വെള്ളം കിട്ടാനും ബുദ്ധിമുട്ടാണെന്നറിയാമോ? അതു കൊണ്ടു് ഇക്കാര്യത്തിൽ മുമ്പത്തെക്കാളും കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ടി. അച്യുതൻ : മുമ്പത്തെക്കാളും കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടു്. ആലപ്പുഴയെ സംബന്ധിച്ചിടത്തോളം എസ്റ്റിമേറും മറ്റുമൊക്കെ ചെയ്തുകഴിഞ്ഞിട്ടുണ്ടു്. സൈസിനേയും വിലയേയും സംബന്ധിച്ചു് വ്യവസ്ഥയുണ്ടു്. അതിൽ കൂട്ടുകയോ കുറയുകയോ ചെയ്യുകയില്ല. ചില കൻറീനുകളിൽ വ്യത്യാസം വന്നേക്കാം. കൊല്ലത്തെ സംബന്ധിച്ചാണെങ്കിൽ ഈ കൻറീൻ കൂടാതെ വേറെ ഹോട്ടലുകളും മറ്റുമുണ്ടു്. അതുകൊണ്ടാണു് അവിടെ നഷ്ടം വന്നതു്. അതു നടത്തിക്കൊണ്ടിരുന്ന ആളിനെ പിന്നെ കണ്ടിട്ടുമില്ല. അതുകൊണ്ടു് വേറെ ആളിനെ കൊടുത്തു് നഷ്ടം വരാതിരിക്കാൻ വേണ്ടിയുള്ള വ്യവസ്ഥചെയ്യാൻ പോകുന്നുണ്ടു്.

ശ്രീ. കെ. ആർ. വിജയൻ : ഇപ്പോൾ ആലപ്പുഴയിലേയും കൊല്ലത്തേയും കാൻറീനുകളും വളരെ മോശമായ നിലയിലാണു് നടന്നുവരുന്നതു്. അതിൻറെ സ്ഥലംതന്നെ ശുചീകരണത്തിനു പറ്റിയ രീതിയിലുള്ളതല്ല. വളരെ മോശമായ ഫർണിച്ചറുകളും മറ്റു സാധനങ്ങളുമാണു് അവിടെയുള്ളതു്. ഈ കാര്യത്തിൽ ലാഭത്തെക്കാളും കൂടുതൽ സൗകര്യമാണു് ആവശ്യം എന്നുള്ളതിനെ പരിഗണിച്ചു് ഈ കാൻറീനുകളും ആവശ്യമായ മേജർ റിപ്പയർ ചെയ്യാനെങ്കിലും നടപടി എടുക്കുമോ?

ശ്രീ. കെ. ടി. അച്യുതൻ : ഇതിലേക്കുവേണ്ടിയുള്ള എസ്റ്റിമേറു് തയ്യാറാക്കിയിട്ടുണ്ടു്. വളരെ മോശമാണെന്നു പറയുന്നതു ശരിയല്ല. കുറച്ചു മോശമായിരിക്കാം. ഇതിനുവേണ്ട സൗകര്യങ്ങളും ചെയ്യാൻ ശ്രമിക്കുന്നതാണു്.

Artificial Insemination Centre

* 896. [39] **Shri Kurur Nilakantan Nambudiripad** : Will the Minister for Food and Agriculture be pleased to state :

(a) are the Government aware that the Artificial Insemination Centre at Pazhayannoor which had been established and run under the auspices of the Pazhayannur Block, is in a neglected condition after its transfer on 1-10-1962 to the Government Veterinary Hospital at Pazhayannoor ;

(b) is it a fact that necessary provision has not yet been provided for the proper feeding of the two first class Stud-bulls of Kamkayam fame after their taking over by Government department and that they are not properly fed ;

LIBRARY ARCHIVES Kerala Legislative Assembly